**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1982** **01-09-2022 - ൽ മറുപടിയ്ക്ക്**

**അക്ഷയ കേന്ദ്രങ്ങളിലേയ്ക്ക് സംരംഭകരെ തെരഞ്ഞെടുക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുക്കം നഗരസഭയിലെ മണാശ്ശേരി ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ആരംഭിക്കാനിരിക്കുന്ന അക്ഷയ കേന്ദ്രങ്ങളിലേയ്ക്ക് സംരംഭകരെ തെരഞ്ഞെടുക്കുന്നതിന് എഴുത്തു പരീക്ഷ കഴിഞ്ഞ് മാസങ്ങളായെങ്കിലും അഭിമുഖം നടത്തുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ; | (എ) | നിലവിലെ മാർഗ്ഗനിർദ്ദേശം അനുസരിച്ച് , അക്ഷയ കേന്ദ്രം അനുവദിക്കുന്നതിനുള്ള ലൊക്കേഷനുകളിലേയ്ക്ക് വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ ലഭിക്കുന്ന അപേക്ഷകളിലെ ബിൽഡിംഗ് സ്പേയ്സ് ഉൾപ്പെടെയുള്ള കാര്യങ്ങളുടെ നിജസ്ഥിതി പരിശോധിച്ചതിന് ശേഷമാണ് ഓൺലൈൻ പരീക്ഷ, ഇന്റർവ്യൂ എന്നിവ നടത്തേണ്ടത്. എന്നാൽ കോവിഡ് സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിലെ മുക്കം മുൻസിപ്പാലിറ്റി ഉൾപ്പെടെ നിരവധി ലൊക്കേഷനുകളിൽ ഓൺലൈൻ പരീക്ഷയ്ക്ക് മുൻപ് മേൽപ്പറഞ്ഞ പരിശോധന നടത്താൻ കഴിഞ്ഞിരുന്നില്ല. പ്രസ്തുത പരിശോധന നടത്തി നിജസ്ഥിതി ഉറപ്പുവരുത്തേണ്ടതിനാലാണ് എഴുത്തു പരീക്ഷ കഴിഞ്ഞ് അഭിമുഖം നടത്താൻ വൈകിയത്. അഭിമുഖം നടത്തുന്നതിന് അടിയന്തരമായി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | പ്രസ്തുത അഭിമുഖം അടിയന്തരമായി നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | നിലവിലെ മാർഗ്ഗനിർദ്ദേശം അനുസരിച്ച് , അക്ഷയ കേന്ദ്രം അനുവദിക്കുന്നതിനുള്ള ലൊക്കേഷനുകളിലേയ്ക്ക് വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ ലഭിക്കുന്ന അപേക്ഷകളിലെ ബിൽഡിംഗ് സ്പേയ്സ് ഉൾപ്പെടെയുള്ള കാര്യങ്ങളുടെ നിജസ്ഥിതി പരിശോധിച്ചതിന് ശേഷമാണ് ഓൺലൈൻ പരീക്ഷ, ഇന്റർവ്യൂ എന്നിവ നടത്തേണ്ടത്. എന്നാൽ കോവിഡ് സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിലെ മുക്കം മുൻസിപ്പാലിറ്റി ഉൾപ്പെടെ നിരവധി ലൊക്കേഷനുകളിൽ ഓൺലൈൻ പരീക്ഷയ്ക്ക് മുൻപ് മേൽപ്പറഞ്ഞ പരിശോധന നടത്താൻ കഴിഞ്ഞിരുന്നില്ല. പ്രസ്തുത പരിശോധന നടത്തി നിജസ്ഥിതി ഉറപ്പുവരുത്തേണ്ടതിനാലാണ് എഴുത്തു പരീക്ഷ കഴിഞ്ഞ് അഭിമുഖം നടത്താൻ വൈകിയത്. |

| | | | |
|---|---|---|---|
| | | | അഭിമുഖം നടത്തുന്നതിന് അടിയന്തരമായി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ